**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

# അപ്പീൽ പരാതി നമ്പർ: P/050/2023
**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: ഡിസംബർ-13-2023**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. സുധാകരൻ.എം,<br>'കരുണ', പുഞ്ചക്കാട്,<br>പയ്യന്നൂർ പി.ഒ., കണ്ണൂർ ജില്ല -670307. |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്<br>ലിമിറ്റഡ്, കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല. |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

അപ്പീൽ പരാതിക്കാരൻ ലൈസൻസിയുടെ പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷന്റെ ഒരു ഉപഭോക്താവാണ്. ആദ്യമായി സിംഗിൾ ഫേസ് കണക്ഷൻ നൽകിയത് 3/08/2004-ൽ ആണ്. ഈ കെട്ടിടം ബേക്കറി നടത്താൻ വേണ്ടി ശ്രീമതി ശീതൾ എന്നയാളിന് വാടകയ്ക്ക് കൊടുക്കുകയും അങ്ങനെ അവർ ത്രീ ഫീസ് കണക്ഷൻ പടന്നക്കാട് സെക്ഷനിൽ നിന്നും 26/08/2020-ൽ ലഭ്യമാക്കുകയും ചെയ്തു. ഈ ത്രീ ഫേസ് കണക്ഷൻ എടുത്തപ്പോൾ മുൻപുണ്ടായിരുന്ന സിംഗിൾ ഫേസ് കണക്ഷൻ റദ്ദാക്കുകയുണ്ടായി. എന്നാൽ ബേക്കറിയുടെ പ്രവർത്തനം നിർത്തി കടയൊഴിഞ്ഞപ്പോൾ ത്രീ ഫേസ് കണക്ഷൻ റദ്ദാക്കി സിംഗിൾ ഫേസ് കണക്ഷന് വേണ്ടി ഉപഭോക്താവ് 25/03/2023-ൽ അപേക്ഷ സമർപ്പിച്ചു. ഇദ്ദേഹത്തിന്റെ കടയുടെ വശത്തുകൂടി ഒരു സർവീസ് ലൈൻ വളരെ മുൻപ് തന്നെ വലിച്ചിട്ടുണ്ടായിരുന്നതാണ്. ഈ ലൈൻ കെട്ടിടത്തിനു വളരെ സമീപത്തായി പോകുന്നതും അപകടസാധ്യതയുള്ളതുമായതിനാൽ ഈ ലൈൻ ABC ആക്കി മാറ്റുന്നതിനുള്ള ചെലവ് അപ്പീൽ പരാതിക്കാരൻ വഹിക്കണമെന്ന്

ലൈസൻസി ആവശ്യപ്പെട്ടു. പുതിയ കണക്ഷൻ പെട്ടെന്ന് ആവശ്യമായി വന്നതിനാൽ പരാതിക്കാരന്റെ ചെലവിൽ ആ ലൈൻ ABC ആക്കി മാറ്റുകയും സർവീസ് കണക്ഷൻ നൽകുകയും ചെയ്തു. ഈ സർവീസ് ലൈൻ വളരെ മുൻപ് വലിച്ചിരുന്നതും, ഈ കെട്ടിടം വന്നതിനുശേഷം ആ ലൈനിൽ നിന്നുതന്നെ പലർക്കും പിന്നെയും കണക്ഷൻ നൽകുകയും ചെയ്തിരുന്നു. ആ സമയത്തൊന്നും ഇത് ആവശ്യപ്പെടാതെ 2023-ല് പരാതിക്കാരനോട് ആവശ്യപ്പെട്ടത് നീതി അല്ലെന്നും അതിന് മതിയായ നഷ്ടപരിഹാരം ലഭിക്കണമെന്നും ആവശ്യപ്പെട്ട പരാതിക്കാരൻ CGRF-നെ സമീപിച്ചിരുന്നു. CGRF-ന്റെ 20/08/2023-ൽ ഉള്ള ഉത്തരവ് പ്രകാരം ഈ പരാതി അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിയിരുന്നു. അതിന്റെ അപ്പീൽ ആയിട്ടാണ് ഓംബുഡ്സ്മാൻ സമക്ഷം ഈ പരാതി സമർപ്പിച്ചിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിലെ പടന്നക്കാട് ഇലട്രിക് സെക്ഷൻ ഓഫീസുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ നടത്തിയിരിക്കുന്ന നഗ്നമായ അഴിമതി സ്വജനപക്ഷപാതം സംബന്ധിച്ച് ഞാൻ CCRF ൽ കോഴിക്കോട് ഓഫീസിൽ നൽകിയിട്ടുള്ള പരാതിയിന്മേൽ, 2023 ജൂലൈ 5-ന് ഹിയറിങ് നടക്കുകയുണ്ടായി. പ്രസ്തുത ഹിയറിങ്ങിൽ ഞാൻ ഉന്നയിച്ച കാര്യങ്ങൾ വസ്തുതാപരമായി ശരിയാണെന്നും, പടന്നക്കാട് അസിസ്റ്റന്റ് എഞ്ചിനിയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറും പരാതിക്കാരനായ എന്നോട് അന്യായമാണ് കാണിച്ചതെന്നും പരാതിക്കാരന് വന്നിട്ടുള്ള സാമ്പത്തിക നഷ്ടത്തിനും മാനസിക ബുദ്ധിമുട്ടുകൾക്കും കാരണം ഉദ്യോഗസ്ഥരാണെന്നും വാക്കാൽ പറയുക ഉണ്ടായി. എന്നാൽ 2023 സപ്തംബർ 11 ന് CCRF നിന്നും എനിക്ക് കിട്ടിയ ഉത്തരവിൽ പറയുന്നത്, "പരാതി അടിസ്ഥാനരഹിതമാണെന്ന് ഫോറത്തിന് ബോധ്യപ്പെട്ടതിനാൽ നിരുപാധികം നിരസിക്കുന്നു' എന്നാണ്!

2012 ഡിസംബർ 22-ന് കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിൽ പടന്നക്കാട് താമസിക്കുന്ന കെ.വിശ്വനാഥൻ എന്നവരിൽ നിന്നും കെട്ടിട നമ്പർ 28/388 എന്ന വസ്തു ഞാൻ വാങ്ങിക്കുന്നു. കെട്ടിടത്തിൽ കൺസ്യൂമർ നമ്പർ 1168049008443 ആയി വാണിജ്യ ആവിശ്യത്തിനായി 03/08/2004 മുതൽ വൈദ്യതി കണക്ഷനും ഉണ്ടായിരുന്നു. പ്രസ്തുത കെട്ടിടം ശ്രീമതി ശീതൾ എന്നവർക്ക് ഒരു

ബേക്കിങ്ങ് യൂണിറ്റ് തുടങ്ങുവാനായി 26/08/2020-ന് വാടകയ്ക്ക് കൊടുക്കുകയും അവർ ഒരു ത്രി ഫേസ് വ്യാവസായിക വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷിക്കുകയും കൺസ്യൂമർ നമ്പർ 116804401240 ആയി പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷൻ വൈദ്യുതി കണക്ഷൻ അനുവദിക്കുകയും ചെയ്തു. 2023 മാർച്ച് മാസത്തോടു കൂടി വാടക്കാരിയായ ശ്രീമതി ശീതൾ അവരുടെ ബേക്കിങ്ങ് യൂണിറ്റ് അവസാനിപ്പിക്കുകയും നിലവിൽ ഉണ്ടായിരുന്ന ത്രി ഫേസ് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തു. തുടർന്ന് പുതിയ സിംഗിൾ ഫേസ് കണക്ഷനു വേണ്ടി കെട്ടിട ഉടമയായ ഞാൻ പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷനിൽ അപേക്ഷ നൽകുകയുണ്ടായി. അപ്പോഴാണ് അവിടെ ഉണ്ടായിരുന്ന AE ശ്രീമതി ഷൈമ എന്ന ഉദ്യാഗസ്ഥ തികച്ചും വിചിത്രമായ ഒരു കാര്യം എന്നോട് പറയുന്നത്! അതായത് നിങ്ങൾക്ക് വൈദ്യുതി കണക്ഷൻ തരണമെങ്കിൽ നിങ്ങളുടെ കെട്ടിടത്തിനരികിൽ കൂടി അഞ്ച് ഉപഭോക്താക്കൾക്കായി പോകുന്ന അലുമിനിയം കണ്ടക്ടർ ലൈൻ മാറ്റി AB കേബിൾ വലിച്ചുകൊടുക്കണമെന്ന്!

ഞാനുമായി യാതൊരു തരത്തിലും ബന്ധമില്ലാത്ത ഇക്കാര്യത്തിൽ ഞാൻ എന്തിനാണ് കാശ് ചിലവാക്കേണ്ടത് എന്ന് ചോദിച്ചപ്പോൾ "നിങ്ങൾക് കണക്ഷൻ വേണമെങ്കിൽ അങ്ങനെ ചെയ്യണമെന്നായിരുന്നു' AE ശ്രീമതി ഷൈമയുടെ മറുപടി. ഈ വിഷയം സംബന്ധിച്ച എന്റെ പരാതി 25/04/2023-ൽ ഞാൻ CGRF കോഴിക്കോട് അയക്കുകയും പരാതിയിന്മേൽ കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി CORE എനിക്ക് അയച്ചുതരികയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ പറയുന്ന പ്രധാന കാര്യങ്ങൾ എല്ലാം തന്നെ പടന്നക്കാട്ടെ AE അടക്കമുള്ള ഉദ്യാഗസ്ഥരെ രക്ഷിക്കാൻ വേണ്ടിയുള്ള കെട്ടിച്ചമച്ച നുണകൾ മാത്രമാണെന്ന് വസ്തുതകൾ വെച്ച് കൊണ്ട് ഞാൻ ബോർഡിന് മുമ്പിൽ സമർപ്പിക്കുകയാണ്.

കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിലെ കെട്ടിട നമ്പർ 28/388 നിയമപരമായി അകലം പാലിക്കാതെയാണ് നിർമ്മിച്ചതെന്ന് പറയുന്നു. അങ്ങനെയെങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് KSEB പ്രസ്തുത കെട്ടിടത്തിന് കൺസ്യൂമർ നമ്പർ 1168049008443-ൽ കണക്ഷൻ നൽകിയത്? ഇത് അഴിമതിയും സ്വജനപക്ഷ പാതവുമല്ലേ? ഇതേ കെട്ടിടത്തിന് 26/08/2020 ൽ സിംഗിൾ ഫേസ് കണക്ഷൻ മാറ്റി വാടകക്കാരിയായ ശ്രീമതി

ശീതളിന്റെ പേരിൽ (കൺസ്യൂമർ നമ്പർ 1168044012840) ത്രീ ഫേസ് കണക്ഷൻ നൽകിയത് നിയമവിരുദ്ധമായല്ലേ? പരാതിക്കാരനായ ഞാനാണ് 30 വർഷം പഴക്കമുള്ള കെട്ടിടം പണിതെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ പറയുന്നത് തികച്ചും വസ്തുതാവിരുദ്ധമാണ്. എന്തു കൊണ്ടെന്നാൽ 22/12/2012-ന് ആണ് ഞാൻ ഈ കെട്ടിടവും സ്ഥലവും വാങ്ങിക്കുന്നത്. PKD/CA 28 IPDS 61 എന്ന പോസ്റ്റിൽ നിന്നും 5 പേർക്കാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളതെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ പറയുന്നു. അതിൽ ആദ്യത്തെ കണക്ഷൻ നൽകിയത് 43 വർഷം മുമ്പാണെന്നും പറയുന്നുണ്ട്. എന്നാൽ മറ്റ് നാല് കണക്ഷനുകൾ സമീപകാലത്താണ് നൽകിയത് എന്ന വസ്തുത ടിയാൻ മറച്ചുവെയ്ക്കുന്നു. സുരക്ഷാപ്രശ്നമുള്ള ലൈൻ ആണെങ്കിൽ എന്തുകൊണ്ട് മറ്റ് നാല് ഉപഭോക്താക്കളോട് AB കേബിൾ വാങ്ങിക്കാൻ ആവശ്യപ്പെട്ടിട്ടില്ല? ഞാനുമായി നേരിട്ട് യാതൊരു ബന്ധവുമില്ലാത്ത ലൈൻ എന്റെ ചിലവിൽ മാറ്റി കൊടുക്കണമെന്ന് പറയുന്നതിന്റെ യുക്തി എന്താണ്? "ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി പരാതിക്കാരന് ചിലവില്ലാതെ നിലവിലെ ലൈൻ മാറ്റി AB കേബിളിൽ കൊടുക്കാമെന്നുള്ള ടിയാന്റെ വാദം ശുദ്ധ കളവാണ്. അങ്ങനെയൊരു സംഭവമേ ഇല്ലാത്തതാണ്. എന്തുകൊണ്ടെന്നാൽ, അപകടരമായ ലൈനുകൾ മാറ്റി AB കേബിളിൽ കൊടുക്കാൻ പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷന് താൽപര്യമുണ്ടായിരുന്നുവെങ്കിൽ 2020-ൽ ത്രീ ഫേസ് കണക്ഷനു ശ്രീമതി ശീതൾ അപേക്ഷിക്കുമ്പോൾ ചെയ്യാമായിരുന്നു. ഇപ്പോൾ ഇത്തരമൊരു കളവ് ഉദ്യോഗസ്ഥൻ പറയുന്നത് തന്റെ സഹപ്രവർത്തകയുടെ അഴിമതി മൂടിവെയ്ക്കാനും അവരെ രക്ഷിക്കാനുമാണ്.

25/03/2023-ൽ പരാതികാരനായ ഞാൻ 28/388 കെട്ടിടത്തിലേക്ക് പുതിയൊരു കണക്ഷനുവേണ്ടി അപേക്ഷിച്ചപ്പോൾ അതിന്റെ ചിലവ് മുൻ വാടകക്കാരനാണ് വഹിച്ചത് എന്നു അന്വേഷണ ഉദ്യാഗസ്ഥൻ പറയുന്നത് പരാതിക്കാരനെ ബോധപൂർവ്വം അവഹേളിക്കാനും കളവ് പറയുന്നവനാണെന്ന് വരുത്തി തീർക്കാനും വേണ്ടി മാത്രം സൃഷ്ടിച്ച നുണയാണ്. എന്തുകൊണ്ടെന്നാൽ സാമ്പത്തികമായി നഷ്ടത്തിലായതുകാരണമാണ് ശ്രീമതി ശീതൾ ബേക്കിങ്ങ് യൂണിറ്റ് അവസാനിപ്പി ക്കുന്നുത്. അപ്പോൾ തന്നെ വാടകയിനത്തിൽ വൻ കുടിശ്ശിക നിലവിൽ ഉണ്ടായിരുന്നു. അതു പോലും ഞാൻ ഒഴിവാക്കി കൊടുക്കുകയാണ് ഉണ്ടായത്. എന്നുമാത്രമല്ല AB കേബിളിന്റെ മുഴുവൻ ചെലവും ഞാനാണ്

വഹിച്ചതെന്നതിന് തെളിവായി അതുസംബന്ധിച്ച ബില്ലുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു. ശ്രീമതി ശീതളിന് 2020-ൽ നിയമവിരുദ്ധമായി വൈദ്യുതി കണക്ഷൻ കൊടുത്തതിൽ പടന്നക്കാട് AE അടക്കമുള്ള ഉദ്യോഗസ്ഥർ നഗ്നമായ അഴിമതി നടത്തിയിട്ടുണ്ടെന്നു ഇതിനകം വ്യക്തമായ സ്ഥിതിക്ക് മുൻ വാടകക്കാരനെ കൂട്ട് പിടിച്ച് പരാതിക്കാരനെ അവഹേളിക്കാനും അതുവഴി സ്വന്തം അഴിമതി മൂടിവെയ്ക്കാനുമാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈ റിപ്പോർട്ടിലൂടെ ശ്രമിക്കുന്നത്. മേൽപ്പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും സത്യവും വസ്തുതാപരവുമാണെന്ന് ഇതി നാൽ ബോധിപ്പിക്കുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഒരു ഉപഭോക്തായ എന്നെ ഇതിലേക്ക് അനാവശ്യമായി വലിച്ചിഴച്ച് സാമ്പത്തികമായി വലിയ നഷ്ടവും മാനസികമായി പീഡനവുമാണ് ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തിമൂലം എനിക്കുണ്ടാ യിട്ടുള്ളത്. ആയതിനാൽ മേൽക്കാര്യത്തിൽ ഇടപെട്ട് എനിക്ക് നീതി ഉറപ്പാക്കിത്തര ണമെന്നും കാരണക്കാരായ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## <u>എതിർ കക്ഷിയുടെ വാദം</u>

ഹർജിക്കാരൻ ബഹുമാനപ്പെട്ട കോഴിക്കോട് കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറം മുമ്പാകെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എതിർ കക്ഷിയായ കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബഹുമാനപ്പെട്ട ഫോറം മുമ്പാകെ കാര്യവിവരണ പത്രിക സമർപ്പിച്ചതിന്റെയും വിചാരണ സമയത്ത് കാര്യങ്ങൾ ബോധ്യപ്പെടുത്തിയതിന്റേയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ പരാതി ബഹുമാനപ്പെട്ട കോഴിക്കോട് കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറം തള്ളിയിരുന്നു എന്നത് വസ്തുതയാണ്.

കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ 28-ആം വാർഡിൽ 388-ആം നമ്പർ കെട്ടിടത്തിൽ പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ശ്രീ. സുധാകരൻ, S/o ഗോവിന്ദൻ.ഒ.കെ, തീർത്ഥങ്കര, പടന്നക്കാട് പി.ഒ എന്ന അഡ്രസ്സിൽ കൺസ്യൂമർ നമ്പർ 1168049008443 ആയി വാണിജ്യ ആവശ്യത്തിന് 03-08-2004ൽ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. 26-08-2020ൽ ഈ കെട്ടിടത്തിൽ ബേക്കിങ്ങ് യൂണിറ്റ് തുടങ്ങുന്നതിന് മൂന്നു ഫേസ്സ് വ്യാവസായിക കണക്ഷൻ ശ്രീമതി. ശീതൾ.എ.കെ, W/o ദിലീപ്, പടന്നക്കാട്.പി.ഒ എന്നവരുടെ പേരിൽ

കൺസ്യൂമർ നമ്പർ 1168044012840 ആയി പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ശീതൾ ഈ കെട്ടിടം വാടകയ്ക്ക് എടുത്താണ് ബേക്കിങ്ങ് യൂണിറ്റ് തുടങ്ങിയത്. ശീതളിന്റെ ഭർത്താവായ ശ്രീ. ദിലീപാണ് ഈ യൂണിറ്റ് നടത്തിയിരുന്നത്. ഈ കണക്ഷൻ നൽകിയ സമയത്ത് നിലവിലുണ്ടായിരുന്ന കൺസ്യൂമർ നമ്പർ 1168049008443 എന്ന വാണിജ്യകണക്ഷൻ ഉപഭോക്താവിന്റെ അപേക്ഷ പ്രകാരം റദ്ദ് ചെയ്തിരുന്നു.

ശ്രീ. സുധാകരന്റെ കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കൂടി രണ്ട് കെട്ടിടങ്ങളുടെ ഇടയിലൂടെയാണ് സിംഗിൾ ഫെയ്സ് ലൈൻ കടന്നുപോകുന്നത്. ഈ രണ്ട് കെട്ടിടങ്ങളും ലൈനുമായി നിയമപരമായ അകലം പാലിക്കാതെയാണ് നിർമിച്ചിട്ടുള്ളത്. പുതിയ ഒരു കണക്ഷന് വേണ്ടി പരാതിക്കാരൻ പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷനിൽ 25-03-2023-ന് അപേക്ഷ നല്കിയിട്ടുണ്ടായിരുന്നു. ഇതിനുമുമ്പേ 14-09-2022-ൽ പരാതിക്കാരന്റെ കെട്ടിടത്തിന്റെ പടിഞ്ഞാറുഭാഗത്തെ കെട്ടിട ഉടമയായ ശ്രീമതി. ബാലാമണി തന്റെ കെട്ടിടത്തിലേക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് അപേക്ഷ നൽകിയിരുന്നു. അപേക്ഷ നമ്പർ 2168042200395 പ്രൊഫൈൽ (4) ഉള്ളടക്കം ചെയ്യുന്നു. ലൈനുകളുമായി സുരക്ഷിതമായ അകലം പാലിക്കാതെ നിർമ്മിച്ച കെട്ടിടമായതുകൊണ്ട് വൈദ്യുതി കണക്ഷൻ നല്കാൻ ബുദ്ധിമുട്ടാണെന്ന് ഫീൽഡ് ജീവനക്കാർ ശ്രീമതി. ബാലാമണിയെ അറിയിച്ചിരുന്നു. അതുപോലെതന്നെ ഹർജിക്കാരനെയും ഇക്കാര്യം അറിയിച്ചിരുന്നു.

കൺസ്യൂമർ നമ്പർ 1168049008443 ആയി ഈ കെട്ടിടത്തിന് 03-08-2004-ൽ നീലേശ്വരം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുമാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത്. നീലേശ്വരം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് 2014-ൽ ആണ് പടന്നക്കാട് സെക്ഷൻ രൂപീകരിച്ചത്. കെട്ടിടത്തിന്റെ മുൻഭാഗത്തെ പോസ്റ്റിൽ നിന്നുമാണ് ഈ കെട്ടിടത്തിന് കണക്ഷൻ നൽകിയിരുന്നത്. ആ സമയത്ത് കെട്ടിടത്തിന്റെ പടിഞ്ഞാറു ഭഗത്തുള്ള ലൈൻ ശ്രദ്ധിച്ചിട്ടുണ്ടാവില്ല. ഇതേ കെട്ടിടത്തിന് ത്രീ ഫേയ്സ് കണക്ഷൻ നൽകുന്ന സമയത്തും കെട്ടിടത്തിന്റെ പടിഞ്ഞാറു ഭഗത്തുള്ള ലൈൻ ഫീൽഡ് ഇൻസ്പെക്ഷൻ നടത്തിയ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെട്ടിരുന്നില്ലായിരിക്കാം. അങ്ങനെ ശ്രദ്ധയിൽപെട്ടിരുന്നെങ്കിൽ, അക്കാര്യം അപ്പോൾ തന്നെ അപേക്ഷകനെ അറിയിക്കുമായിരുന്നു. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ 28/388-ആം കെട്ടിടത്തിന് മുപ്പത്

വർഷത്തോളം പഴക്കുമണ്ടെന്നും ഇപ്പോൾ ഹർജിക്കാരന്റെ പേരിലുള്ള കെട്ടിടമാണെന്നും ആണ് ബോധിപ്പിച്ചത്. കെട്ടിടത്തിന്റെ പടിഞ്ഞാറു ഭഗത്തുള്ള ലൈനിൽ നിന്ന് 5 പേർക്കാണ് കണക്ഷൻ നൽകിയിട്ടുള്ളത്. കൺസ്യൂമർ നമ്പർ 1168040008435, 1168048008437, 1168046008436, 1168047008439, 1168042008433 എന്നിവ യഥാക്രമം 25-09-1984, 19-12-1994, 01-04-1957, 22-07-1980, 09-11-2011 എന്നീ തീയ്യതികളിലാണ് നൽകിയിട്ടുള്ളത്. 2023-24 വർഷത്തെ ദ്യുതി 2 പദ്ധതിയിൽ "Conversion of LT line at various locations" എന്ന പ്രവൃത്തിയിലാണ് ഉൾപ്പെടുത്തിയിരുന്നത്.

പരാതിക്കാരന് വൈദ്യുതി കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് നിയമപരമായ കാര്യങ്ങൾ മാത്രമാണ് പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷനിലെ ഉദ്യോഗസ്ഥരിൽ നിന്ന് ഉണ്ടായിട്ടുള്ളത്. മനഃപൂർവ്വം ബുദ്ധിമുട്ടിക്കുകയോ അഴിമതി നടത്തുകയോ സ്വജനപക്ഷപാതപരമായ പ്രവർത്തനങ്ങൾ നടത്തുകയോ യാതൊന്നും പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷനിലെ ഉദ്യോഗസ്ഥരിൽ നിന്നും ഉണ്ടായിട്ടില്ല. പ്രസ്താവിച്ച കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യവും നീതിയുക്തവുമാണെന്ന് ഇതിനാൽ സമ്മതിക്കുന്നു.

## <u>പരാതിക്കാരന്റെ എതിർ വാദം</u>

30 വർഷം മുമ്പ് നിയമപരമായി അകലം പാലിക്കാതെയാണ് കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിലെ 28/388 നമ്പർ കെട്ടിടം പണിതതെന്നു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ പറയുന്നു. അങ്ങനെയെങ്കിൽ പ്രസ്തുത കെട്ടിടത്തിന് 03-08-2004-ൽ കൺസ്യൂമർ നമ്പർ 1168049008443 ആയി വാണിജ്യ ആവശ്യത്തിന് വൈദ്യുതി കണക്ഷൻ കൊടുത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്? വൈദ്യുതി കണക്ഷൻ കെട്ടിടത്തിന് സുരക്ഷാ പ്രശ്നം കാരണമാണ് നൽകാതിരുന്നതെന്ന് AEE പറയുന്നു, എന്നാൽ ഇതേ കെട്ടിടത്തിൽ ബേക്കിങ്ങ് യൂണിറ്റ് തുടങ്ങുന്നതിനായ് 26-08-2020-ൽ ശ്രീമതി ശീതൾ എ.കെ എന്നവർക്ക് കൺസ്യൂമർ നമ്പർ 1168044012840 ആയി പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വൈദ്യുതി കണക്ഷൻ നൽകിയത് നഗ്നമായ നിയമ ലംഘനമല്ലേ?

ഇതേ കെട്ടിടത്തിന് കൺസ്യൂമർ നമ്പർ 1168049008443 ആയി 03-08-2004-ൽ കണക്ഷൻ നൽകിയപ്പോഴും, കൺസ്യൂമർ നമ്പർ 1168044012840 ആയി 26-08-2020ൽ വീണ്ടും കണക്ഷൻ

നൽകിയപ്പോഴും ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള ലൈൻ ശ്രദ്ധിച്ചിരുന്നില്ല എന്നു പറയുന്നത് സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ല. ഇവർ നടത്തിയ നഗ്നമായ അഴിമതി മറച്ചുവെയ്ക്കാനാണ് ഇപ്പോൾ ഇത്തരമൊരു കാര്യം പറയുന്നത്. എന്റെ കെട്ടിടത്തിലേക്കും മറ്റ് 5 ഉപഭോക്താക്കൾക്കും ഒരേ പോസ്റ്റിൽ നിന്നും ഒരേ ഭാഗത്തേക്കുതന്നെയാണ് ലൈൻ പോകുന്നത് എന്നതുകൂടി മനസ്സിലാക്കിയാൽ ഉദ്യാഗസ്ഥർ എത്ര ഗുരുതരമായിട്ടാണ് മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. കൺസ്യൂമർ നമ്പർ : 116804000 8435, 116804800 8437, 1168046008436, 1168047008439, 116804200 8433, എന്നീ ലൈനിന്റെ ഉപഭോക്താക്കൾക്കുവേണ്ടി ഈ ലൈനുമായി നേരിട്ട് യാതൊരു ബന്ധവുമില്ലാത്ത ഞാൻ പ്രസ്തുത ലൈനുകൾ എല്ലാം മാറ്റി AB കേബിൾ ആക്കി കൊടുക്കണമെന്ന് പറയുന്നതിൽ യാതൊരു യുക്തിയുമില്ല; അത് എന്റെ ആവശ്യവുമല്ലെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2023-24 വർഷത്തെ "ദ്യുതി" പദ്ധതിയിൽ ഉൾപ്പെടുത്തി പരാതിക്കാരനായ എനിക്ക് ചിലവില്ലാതെ AB കേബിൾ ചെയ്തുകൊടുക്കാൻ തീരുമാനിച്ചിരുന്നു എന്നു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ പറയുന്നത് വസ്തുതാപരമായി കളവാണ്. എന്തുകൊണ്ടെന്നാൽ ദ്യുതി പദ്ധതി നിലവിൽ വന്നത് 2018-19 ൽ ആണ്. അതിനുശേഷം 26-08-2020 ൽ ആണ് ശ്രീമതി ശീതൾ എന്നവർക്ക് പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ത്രീ ഫേസ്സ് കണക്ഷൻ നൽകുന്നത്. സുരക്ഷാ പ്രശ്നം ഉണ്ടായിരുന്നുവെങ്കിൽ ത്രീ ഫേസ്സ് കണക്ഷൻ കൊടുക്കുമ്പോൾ തന്നെ "ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്താമായിരുന്നു. ഇപ്പോൾ ഇത്തരമൊരു വാദം പറയുന്നത് KSEB പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷനുപറ്റിയ വീഴ്ച മറച്ചു വെയ്ക്കാൻ വേണ്ടി മാത്രമാണ്. 2020 ൽ നിയമവിരുദ്ധമായി ശ്രീമതി ശീതളിന് വൈദ്യുതി കണക്ഷൻ കൊടുക്കുകയും, ശീതളിന്റെ ഭർത്താവ് ദിലീപനെക്കൊണ്ട് തീർത്തും വ്യാജമായ ഒരു മൊഴി ഉണ്ടാക്കി എടുക്കുക വഴി പരാതിക്കാരനെ ബോധപൂർവ്വം അപമാനിക്കാനുള്ള ശ്രമമാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ചെയ്തിട്ടുള്ളത്. എന്റെ കെട്ടിടത്തിലെ വാടകക്കാരിയായ ശീതളുമായി ഞാനുണ്ടാക്കിയ നിമയപരമായ എഗ്രിമെന്റ് വ്യവസ്ഥകൾ പാലിക്കാൻ മാത്രമാണ് ഞാൻ അവരോട് ആവശ്യപ്പെട്ടത്. അത് പാലിക്കാത്തതുകൊണ്ടാണ് ഞാൻ നിയമസഹായത്തിന്റെ ഭാഗമായി ഹോസ്ദുർഗ്ഗ് പോലീസിൽ പരാതി കൊടുത്തത്. വാടകയിനത്തിൽ 4 മാസത്തെ കുടിശ്ശിക വരുത്തിയ

ശീതളിൽനിന്നും അതൊന്നും വാങ്ങിക്കാതെയാണ് ഞാൻ അവരെ മുറി യിൽനിന്നും ഒഴിവാക്കിയത്. ഒടുവിൽ ശീതളിന്റെ പേരിലുള്ള ലൈസൻസ് ക്യാൻസൽ ആക്കി തരുവാൻ വേണ്ടി പകുതി കാശ് ഞാൻ കൊടുക്കേണ്ടിവന്നിട്ടുണ്ട് എന്ന കാര്യം ശീതളിന്റെ ഭർത്താവ് ദിലീപ് അദ്ദേഹത്തിന്റെ മൊഴിയിൽ സമ്മതിക്കുന്നുമുണ്ട്.

28/388 നമ്പർ കെട്ടിടത്തിന് 2004 ൽ വൈദ്യുതി കണക്ഷൻ കൊടുത്തതിനുശേഷം AB കേബിൾ ആവശ്യമുള്ള ശ്രീമതി ഒ.കെ.സുബൈദ എന്നവർക്ക് CA 28 IPDS 61 പോസ്റ്റിൽ നിന്നും 09-11-2011 ൽ കൺസ്യൂമർ നമ്പർ 1168042008433 ആയി അലുമിനിയം കണ്ടക്ടർ ഉപയോഗിച്ച് വൈദ്യുതി കണക്ഷൻ കൊടുത്തിട്ടുണ്ട്. AB കേബിളിന്റെ യഥാർത്ഥ ഉപഭോക്താക്കളായ സുബൈദ അടക്കമുള്ള അഞ്ച് പേരോടും AB കേബിളിന്റെ ആവശ്യകത ബോധ്യപ്പെടുത്തി കൊടുക്കുന്നതിനു പകരം ഈ കണക്ഷനുമായി യാതൊരു ബന്ധവുമില്ലാത്ത എന്നിൽ നിന്നാണ് ഇതിന്റെ ചിലവ് മുഴുവൻ പാണക്കാട് ഇലക്ട്രിക്കൽ സെക്ഷനിലെ AE അടക്കമുള്ള ഉദ്യോഗസ്ഥർ ഈടാക്കിയത്. എന്നുമാത്രമല്ല, തികച്ചും അനാവശ്യമായ ഒരു കാര്യത്തിലേക്ക് എന്നെ വലിച്ചിഴക്കുകവഴി എന്റെ എത്രയോ ദിവസത്തെ സമയ നഷ്ടവും മാനസ്സികവ്യഥയുമാണ് KSEB ഉദ്യോഗസ്ഥർ ഉണ്ടാക്കിട്ടുള്ളത്. ഇതിന്റെ പൂർണ്ണ ഉത്തരവാദികൾ അഹങ്കാരികളും തൻപ്രമാണിത്തക്കാരുമായ പ്രസ്തുത ഉദ്യോഗസ്ഥർ മാത്രമാണ്.

KSEB പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷനുമായുള്ള എന്റെ അനുഭവത്തിൽ നിന്നും എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് തികച്ചും നിയമ വിരുദ്ധമായി അഴിമതിയും സ്വജന പക്ഷപാതിത്വവും അവിടെ നടക്കുന്നു എന്നുതന്നെയാണ്. എനിക്കും വേണമെങ്കിൽ ഇത്തരം കുറുക്കുവഴികളിൽക്കൂടി എന്റെ ആവശ്യങ്ങൾ നടത്തി എടുക്കാമായിരുന്നു. അതിന് കൂട്ടുനിൽക്കാത്തതിന്റെ പ്രതികാരമാണ് പ്രസ്തുത ഓഫീസിലെ AE അടക്കമുള്ള ഉദ്യോഗസ്ഥർ എന്നോട് കാണിച്ചിട്ടുള്ളത്. ആയതിനാൽ ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ അടിയന്തിര പ്രാധാന്യമുള്ള ഈ വിഷയത്തിൽ ഇടപ്പെട്ട് എനിക്ക് നീതി ഉറപ്പാക്കിത്തരണമെന്നും അഭ്യർത്ഥിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

ഈ കേസിൽ, വിശദമായ വാദം കേൾക്കൽ 24/11/2023, 10:30-ന് കോഴിക്കോടുള്ള വൈദ്യുതി ഭവനം, കെ.എസ്.ഇ.ബി. ലിമിറ്റഡ്,

CGRF കോർട്ട് ഹാളിൽ വെച്ചുനടന്നു. പരാതിക്കാരനായ ശ്രീ. സുധാകരൻ.എം കൂടാതെ എതിർ കക്ഷിയായ ശ്രീ. രമേഷ്, AEE, കാഞ്ഞങ്ങാട് സബ് ഡിവിഷൻ, KSEBL-ഉം പങ്കെടുത്തു.

അപ്പീൽ പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള കെട്ടിടമാണ് കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയുടെ 28/338 നമ്പരായിട്ടുള്ള കെട്ടിടം. ഈ കെട്ടിടം ഏകദേശം 30 വർഷം മുൻപ് നിർമ്മിച്ചതാണെന്നും അത് പരാതിക്കാരൻ വാങ്ങിയിരിക്കുന്നത് 22/12/2012 ലാണെന്നും കാണുന്നു. ഈ കെട്ടിടത്തിൽ സിംഗിൾ ഫേസ് കണക്ഷൻ 3/08/2004-ൽ നൽകിയിരുന്നു. പ്രസ്തുത കെട്ടിടം 2020-ൽ ബേക്കറി നടത്തുന്നതിനുവേണ്ടി വാടകയ്ക്ക് നൽകുകയും, വാടകയ്ക്ക് എടുത്ത ശ്രീമതി ശീതൾ 26/08/2020 പുതിയ ത്രീ ഫേസ് കണക്ഷൻ എടുക്കുകയും ചെയ്തു. അങ്ങനെ നിലവിൽ ഉണ്ടായിരുന്ന സിംഗിൾ ഫേസ് കണക്ഷൻ റദ്ദാക്കുകയും ചെയ്തു. ഈ കെട്ടിടത്തിന് പടിഞ്ഞാറുവശത്തുകൂടി രണ്ട് കെട്ടിടങ്ങൾക്കിടയിലൂടെ ഒരു സിംഗിൾ ഫേസ് ലൈൻ കടന്നു പോകുന്നുണ്ട്. ഇതിൽ നിന്നും 5 പേർക്ക് കണക്ഷൻ നൽകിയിരിക്കുന്നു. ഈ കണക്ഷനുകൾ 1984, 1994, 1980, 2011 മുതലായ വർഷങ്ങളിൽ നൽകിയിട്ടുള്ളതാണ്. അതിൽ നിന്നും ഈ സർവീസ് ലൈൻ വലിച്ചത് 1984-ലൊ അതിനു മുമ്പിലോ ആയിരിക്കണം. അങ്ങനെയാണെങ്കിൽ പരാതിക്കാസ്പദമായ കെട്ടിടം നിർമ്മിച്ചത് ലൈൻ സ്ഥാപിതമായതിനുശേഷമാണെന്ന് അനുമാനിക്കാം. കെട്ടിടം പണിതപ്പോൾ ഈ ലൈനിൽ നിന്നും വേണ്ട അകലം പാലിച്ചിട്ടില്ല എന്നതാണ് ലൈസൻസിയുടെ വാദം. അത് ശരിയാണെങ്കിൽ തന്നെ എന്തുകൊണ്ട് ഈ വസ്തുത ഈ കെട്ടിടത്തിന് ആദ്യം കണക്ഷൻ നൽകിയ 2004-ൽ ശ്രദ്ധിച്ചില്ല? എന്ന പരാതിക്കാരന്റെ വാദം ഇവിടെ പ്രസക്തമാകുന്നു. അതിനുശേഷം 2020-ൽ ഈ കെട്ടിടത്തിനു തന്നെ 3 ഫേസ് ലൈൻ നൽകിയപ്പോഴും ശ്രദ്ധയിൽ പെട്ടില്ല എന്നതും കണക്കിലെടുക്കേണ്ടിയിരിക്കുന്നു. 2023-ൽ പുതിയ കണക്ഷനപേക്ഷ നൽകിയപ്പോൾ മാത്രം ഈ ആക്ഷേപം ഉണ്ടാവുകയും പരാതിക്കാരനോട് ABC ഉപയോഗിച്ച് ഈ ലൈനിനെ മാറ്റിയാലേ കണക്ഷൻ നൽകുകയുള്ളൂ എന്ന് ലൈസൻസിയുടെ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടത് ശരിയാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇവിടെ ലൈൻ സ്ഥാപിതമായതിനുശേഷം കെട്ടിടമോ മറ്റോ സ്ഥാപിച്ചാൽ ആ കെട്ടിടം മാറ്റേണ്ടി വന്നാൽ മാറ്റിക്കാനുള്ള അധികാരം Executive Magistrate-ന് ആണ് എന്ന് The Electricity Act Section 68(5)-ൽ പറയുന്നു.

68(5) *"Where any tree standing or lying near an overhead line or where any structure or other object which has been placed or has fallen near an overhead line subsequent to the placing of such line, interrupts or interferes with, or is likely to interrupt or interfere with, the conveyance or transmission of electricity or the accessibility of any works, an Executive Magistrate or authority specified by the Appropriate Government may, on the application of the licensee, cause the tree, structure or object to be removed or otherwise dealt with as he or it thinks fit."*

ഇവിടെ കെട്ടിടത്തിന് ലൈനുമായിട്ടുള്ള അകലം പോരാതെ വന്നതിനാൽ insulated conductor ഉപയോഗിച്ച് ലൈൻ മാറ്റുക വഴി അപകട സാധ്യത ഒഴിവാകുന്നു. അതിനാലാണ് പരാതിക്കാരനോട് ABCയുടെ ചെലവ് വഹിക്കാൻ ആവശ്യപ്പെട്ടത്.

Kerala Electricity Supply Code 2014 Section 26 പ്രകാരം വൈദ്യുത ലൈനിന്റെയും മറ്റും സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് ലൈസൻസിയുടേയും ഉപഭോക്താവിന്റെയും ഉത്തരവാദിത്വമാണ്.

26(1) *"The provisions of the Central Electricity Authority (Measures Relating to Safety and Electric Supply) Regulations, 2010, as amended from time to time, shall be complied with in every respect by the licensee and by the consumer."*

26(3) *"In the case of electrical installation using electricity at LT level, the licensee may give the connection after inspection and ensuring that the installation is safe for energisation."*

26(4) *"Alternatively the licensee may, at its discretion, give the connection on the basis of the test cum completion report of installation of consumer, in the format specified in Annexure-1 from a licensed electrical contractor."*

Central Electricity Authority Regulation Section 60 പ്രകാരം വൈദ്യുത ലൈനും കെട്ടിടങ്ങളും തമ്മിൽ പാലിക്കേണ്ട അകലത്തെക്കുറിച്ചു പ്രതിപാദിക്കുന്നു.

60(1) *"An overhead line shall not cross over an existing building as far as possible and no building shall be constructed under an existing overhead line."*

60(2) *"Where an overhead line of voltage not exceeding 650V passes above or adjacent to or terminates on any building, the following minimum clearances from any accessible point, on the basis of maximum sag, shall be observed, namely:-*

*(i) for any flat roof, open balcony, varandah roof and lean-to-roof-*

*(a) when the line passes above the building a vertical clearance of 2.5 metres from the highest point, and*

*(b) when the line passes adjacent to the building a horizontal clearance of 1.2 metres from the nearest point, and*

*(ii) for pitched roof-*

*(a) when the line passes above the building a vertical clearance of 2.5 metres immediately under the line, and*

*(b) when the line passes adjacent to the building a horizontal clearance of 1.2 metres."*

60(3) "*Any conductor so situated as to have a clearance less than that specified above shall be adequately insulated and shall be attached at suitable intervals to a bare earthed bearer wire having a breaking strength of not less than 350 kg."*

60(4) "*The horizontal clearance shall be measured when the line is at a maximum deflection from the vertical due to wind pressure."*

മേൽ ഉദ്ധരിച്ച സെക്ഷൻ പ്രകാരം ഒരു ലൈനിന് താഴെ കെട്ടിടങ്ങൾ നിർമ്മിക്കാൻ പാടില്ല എന്ന് കൃത്യമായി പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ നിലവിലുള്ള ലൈനുകൾക്ക് മതിയായ അകലം ഇല്ലാതെ വന്നാൽ മതിയായ രീതിയിലുള്ള insulated conductor ഉപയോഗിച്ച് പരിഹാരം കാണാം എന്നും പ്രതിപാദിക്കുന്നു.

ഇവിടെ ലൈനിന്റെ സുരക്ഷ ഉറപ്പുവരുത്തേണ്ടത് ലൈസൻസിയുടെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്. ഇവിടെ മതിയായ അകലം പാലിക്കാതെ കെട്ടിടങ്ങൾ പണിതു എന്നതും അത് പിന്നീട് പലപ്പോഴും ശ്രദ്ധയിൽ പെട്ടില്ല എന്നതും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമായി കണക്കാക്കാം. ഇത് കണ്ടെത്തിയിരിക്കുന്നത് വളരെ വർഷങ്ങൾക്കുശേഷമാണ്.

ദ്യുതി പദ്ധതിയിൽ പെടുത്തി ഈ ലൈൻ മാറ്റാനുള്ള പദ്ധതിയുണ്ടായിരുന്നു. എന്നാൽ അതിന് കാലതാമസം നേരിടുമെന്നാണ് എതിർകക്ഷി ബോധിപ്പിച്ചിട്ടുള്ളത്. എന്തായാലും, ഒരു ലൈനിനടുത്ത് കെട്ടിടം സ്ഥാപിക്കുമ്പോൾ മതിയായ അകലം ഉണ്ടോ എന്ന് പരിശോധിച്ചു ഉറപ്പുവരുത്തേണ്ടത് ലൈസൻസിയുടെ ഉദ്യോഗസ്ഥരുടെ ചുമതലയാണ് എന്ന് മാത്രമല്ല അത് യഥാസമയം

നടപ്പിലാക്കേണ്ടതുമാണ്. ഇവിടെ അത് യഥാസമയം നടത്തിയിരുന്നില്ല എന്നതിനാലാണ് ഈ പരാതി ഉണ്ടാകാൻ കാരണം. ലൈസൻസിയുടെ ഉദ്യോഗസ്ഥരിൽ നിന്നും ഉണ്ടായ സമീപനം പക്ഷപാതപരവും, നിയമവിരുദ്ധവും, അഴിമതികരണവുമെന്ന പരാതിക്കാരന്റെ വാദം സ്ഥാപിക്കുന്നതിന് ഉപോദ്ബലകമായ തെളിവുകൾ ഒന്നും ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1. ലൈസൻസിയുടെ ഉദ്യോഗസ്ഥർ വളരെ കരുതലോടെ ലൈനുകളുടെ സമീപം നിർമ്മിതികൾ വരുമ്പോൾ സമീപിക്കേണ്ടതും അത് യഥാസമയം ശ്രദ്ധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുകയും വേണം.

2. ഇവിടെ കൃത്യവിലോപം നടത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് ലൈസൻസി കണ്ടെത്തി മതിയായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. പരാതിക്കാരന്റെ കെട്ടിടത്തിൽ 2004-ലോ, 2020-ലോ കണക്ഷൻ നൽകിയപ്പോൾ ശ്രദ്ധിക്കേണ്ട കാര്യം 2023-ൽ ശ്രദ്ധയിൽപ്പെട്ട് പരിഹാരം കാണണമെന്നാവശ്യപ്പെട്ടത് തികച്ചും തെറ്റ് തന്നെയാണ്. എന്നാൽ അത് സുരക്ഷയ്ക്ക് ആവശ്യമായ കാര്യമായതിനാൽ ചെയ്യേണ്ടിയിരുന്നതുമാണ്. അതിനാൽ ഈ പരാതി ഇവിടെ തീർപ്പാക്കിയിരിക്കുന്നു.

4. മറ്റു ചെലവുകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/050/2023/            തീയതി: 13/12/2023.

**അയക്കുന്നത്:**

1. ശ്രീ. സുധാകരൻ.എം, 'കരുണ', പുഞ്ചക്കാട്, പയ്യന്നൂർ പി.ഒ., കണ്ണൂർ ജില്ല -670307.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.

2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.

3. ചെയർപേഴ്സൺ, CGRF, വൈധ്യുതി ഭവനം, കെ.എസ്.ഇ.ബി. ലിമിറ്റഡ് , ഗാന്ധി റോഡ്, കോഴിക്കോട് - 673011.